52

# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

01 NOVEMBER 2023

## കേരളപ്പിറവി ആശംസകൾ




# കരുത്തുറ്റ കേരളത്തെ കാട്ടാനായി കേരളീയം;

## എട്ടുവേദികളിലായി 400ലേറെ സ്റ്റാളുകൾ

തിരുവനന്തപുരത്തു എട്ടുവേദികളിലായി നാന്നൂറിലേറെ സ്റ്റാളുകളുമായി കേരളീയത്തിന്റെ ട്രേഡ് ഫെയർ. 2023 നവംബർ ഒന്നു മുതൽ ഏഴു വരെ സംഘടിപ്പിക്കുന്ന കേരളീയത്തോടനുബന്ധമായി പുത്തരിക്കണ്ടം, സെൻട്രൽ സ്റ്റേഡിയം, കനകക്കുന്ന്, യൂണിവേഴ്സിറ്റി കോളേജ്, ടാഗോർ തിയേറ്റർ, എൽ.എം.എസ്, ഇൻസ്റ്റിട്യൂഷൻ ഓഫ് എൻജിനീയേഴ്സ് ഹാൾ, വിമൻസ് കോളേജ് എന്നീ എട്ടു വേദികളിലാണ് വ്യവസായ വാണിജ്യ പ്രദർശന മേള നടക്കുന്നത്.

പുത്തരിക്കണ്ടത്ത് ബാംബൂവിന്റെയും വ്യാവസായികോത്പന്നങ്ങളുടെയും പ്രദർശന വിപണനമേള, സെൻട്രൽ സ്റ്റേഡിയത്തിൽ പരമ്പരാഗത ഉത്പ്പന്നമായ കയർ, കൈത്തറി പ്രദർശ വിപണന മേള, കനകക്കുന്നിൽ വനിതാ സംരംഭകരുടെ ഉത്പ്പന്ന പ്രദർശന വിപണന മേള, യൂണിവേഴ്സിറ്റി കോളേജിൽ എത്നിക് ട്രേഡ് ഫെയർ, ടാഗോർ തിയേറ്ററിൽ ഉത്പന്ന പ്രദർശ വിപണന മേള, എൽ.എം.എസ് കോമ്പൗണ്ടിൽ കാർഷിക ഉത്പന്ന പ്രദർശ വിപണന മേള, ഇൻസ്റ്റിട്യൂഷൻ ഓഫ് എൻജിനീയേഴ്സ് ഹാളിൽ ടോയ്സ് ആൻഡ് പ്രസന്റേഷൻ ഉത്പ്പന്നങ്ങളുടെ പ്രദർശന വിപണന മേള, വിമൻസ് കോളേജിൽ ഫ്ളീ മാർക്കറ്റ് എന്നിങ്ങനെയാണ് മേള ഒരുക്കിയിരിക്കുന്നത്. ആകെ 425 സംരംഭകർ പങ്കെടുക്കും.

2023 നവംബർ ഒന്നു മുതൽ ഏഴു വരെ രാവിലെ 10 മണിമുതൽ രാത്രി 10 മണി വരെയായിരിക്കും ട്രേഡ് ഫെയർ സംഘടിപ്പിക്കുന്നത്. എല്ലാ വേദികളിലേക്കും പ്രവേശനം സൗജന്യമായിരിക്കും. തുണിത്തരങ്ങൾ, കാർഷിക ഭക്ഷ്യ സംസ്കരണ മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ, കയർ കൈത്തറി ഉത്പന്നങ്ങൾ, ആയുർവേദ ഉത്പ്പന്നങ്ങൾ,റബർ അധിഷ്ഠിത ഉത്പന്നങ്ങൾ, കരകൗശല ഉത്പന്നങ്ങൾ, മുള ഉത്പന്നങ്ങൾ, ഗാർഹിക ഉത്പന്നങ്ങൾ, സൗരോർജത്തിൽ പ്രവർത്തിക്കുന്ന ഉത്പന്നങ്ങൾ തുടങ്ങി വ്യത്യസ്തങ്ങളായ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെ ഉത്പന്നങ്ങൾ മേളയിൽ അണിനിരത്തിയിട്ടുണ്ട്. സംരംഭകരിൽനിന്ന് ഉത്പന്നങ്ങൾ നേരിട്ടു വാങ്ങാനാവും. മേളയുടെ ഭാഗമായി ബിസിനസ് ടു ബിസിനസ് മീറ്റും സംഘടിപ്പിച്ചിട്ടുണ്ട്. വിനോദസഞ്ചാരം, ഹോസ്പിറ്റാലിറ്റി, ആരോഗ്യമേഖലയിലെ ബി ടു ബി മീറ്റുകളിൽ ബയേഴ്സ് പങ്കെടുക്കുമെന്നതാണ് കരുതുന്നത്. കൂടാതെ സംരംഭകർക്കും പൊതുജനങ്ങൾക്കുമായി വിവിധ പദ്ധതികളെ കുറിച്ച് സെമിനാറും മേളയുടെ ഭാഗമായി സംഘടിപ്പിക്കും.




# സംരംഭകർക്ക് ഉണർവേകാൻ സമഗ്ര പരിശീലന പരിപാടിയുമായി കീഡ്

സംസ്ഥാന വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എൻട്രപ്രണർഷിപ്പ് ഡെവലപ്മെന്റ് (കീഡ്) സമഗ്ര സംരംഭകത്വ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു.

സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർ മുതൽ നിലവിൽ സംരംഭങ്ങൾ നടത്തുന്നവർക്കു വരെ പരിപാടിയിൽ പങ്കെടുക്കാം. ലോഞ്ച് പാഡ്, ഗ്രോത്ത് പ്ലസ്, ടെക് ഹൊറൈസൺസ്, മാർക്കറ്റ് മിസ്ട്രി എന്നിങ്ങനെ 3 പരിശീലന പരിപാടികളാണ് കീഡ് പുതുതായി ആരംഭിക്കുന്നത്.

പരിപാടികളിൽ പങ്കെടുത്ത സംരംഭകരുടെ ഉത്പന്ന പ്രദർശനം, സുസ്ഥിര സംരംഭകത്വം, എം.എസ്.എം.ഇ. സംരംഭകർക്കുള്ള ഡിജിറ്റലൈസേഷൻ, ജെം, ഒ.എൻ.ഡി.സി. തുടങ്ങിയ വിഷയങ്ങളിൽ സംവദിക്കാനുള്ള അവസരവും ഒരുക്കിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് www.kied.org സന്ദർശിക്കുക

# തോട്ടംമേഖലയിലെ ചെറുകിട കർഷകരുടെ ആവശ്യങ്ങൾ ഗൗരവപൂർവം പരിഗണിക്കും

## ബഹു. മന്ത്രി ശ്രീ. പി. രാജീവ്




പ്ലാൻേഷൻ ഇതരപ്രവർത്തനങ്ങൾക്കായി തോട്ടങ്ങൾക്ക് നിലവിൽ അനുവദനീയമായ അഞ്ചു ശതമാനം ഭൂപരിധി വർധിപ്പിക്കണമെന്ന ചെറുകിട കർഷകരുടെ ആവശ്യം പരിഗണിക്കുമെന്ന് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് പറഞ്ഞു. കേരളത്തിലെ തോട്ടംമേഖലയിലെ ചെറുകിട കർഷകരുമായുള്ള യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

കേരളത്തിലെ തോട്ടം മേഖലയിലെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ വ്യവസായ വകുപ്പിന് കീഴിലെ പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾ സഹായകമായി. നയപരമായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചതിനൊപ്പം വിവിധ പദ്ധതികൾ നടപ്പിലാക്കാനായെന്നും അദ്ദേഹം പറഞ്ഞു.

നിലവിൽ രാജ്യത്തെ ആകെ പ്ലാൻേഷൻറെ 46 ശതമാനവും കേരളത്തിലാണ്. ഇന്ത്യയിൽ ആദ്യമായി പ്ലാൻേഷൻ ഡയറക്ടറേറ്റ് രൂപീകരിച്ചതും അതിനെ വ്യവസായമായി പ്രഖ്യാപിച്ചതും കേരളമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

തോട്ടം മേഖലകളുമായി ബന്ധപ്പെട്ട ലയങ്ങളുടെ പുനരുദ്ധാരണത്തിനായി കർഷകരെടുക്കുന്ന വായ്പാതുകയുടെ പലിശ വ്യവസായ വകുപ്പ് റീഇംബേഴ്സ് ചെയ്യുമെന്നും ബഹു. മന്ത്രി പറഞ്ഞു. പ്ലാന്റേഷൻ അല്ലാതെയുള്ള പത്ത് ഏക്കർ ഭൂമി കർഷകർ കണ്ടെത്തിയാൽ ഇന്ത്യയിൽ ആദ്യമായി ഒരു ഫ്രൂട്ട് പാർക്ക് തുടങ്ങാനുള്ള അനുമതി നല്കും. ഫ്രൂട്ട് പാർക്കിന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി മൂന്ന് കോടി രൂപ ഗ്രാന്റായി സർക്കാർ നൽകുമെന്നും അദ്ദേഹം പറഞ്ഞു.

തോട്ടങ്ങളോട് ചേർന്ന് പരിസ്ഥിതിയെ സംരക്ഷിച്ചു കൊണ്ടുള്ള ഫാം ടൂറിസം സാധ്യമാകും. തോട്ടവിളകളോട് ചേർന്ന് ഫലവൃക്ഷങ്ങൾ കൃഷി ചെയ്യുന്നതുമായി ബന്ധപ്പെട്ട് പ്ലാൻേഷൻ ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് വിവിധ മേഖലകളിലായി ശില്പശാലകൾ സംഘടിപ്പിക്കും.

തോട്ടവിള കൃഷി രീതികൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ ആധുനിക സങ്കേതങ്ങൾ ഉപയോഗിക്കുന്നതിനുള്ള ധനസഹായം നല്കും. വെളിച്ചെണ്ണ, കാപ്പി എന്നിവയുടെ കേരള ബ്രാൻഡ് രൂപപ്പെടുത്തി ലോകത്തിനു മുന്നിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബജറ്റിൽ അതിനു വേണ്ടി 1000 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും പ്ലാൻേഷൻ മേഖലയിലെ സമഗ്രപഠനത്തിന് ഐഐഎം കോഴിക്കോടുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

നിലവിൽ പ്രവർത്തനം ആരംഭിച്ച തൊടുപുഴയിലെ സ്പൈസസ് പാർക്കിന് വലിയ സാധ്യതകളുണ്ട്. 20 ഏക്കർ സ്ഥലം കൂടി അവിടെ ഏറ്റെടുക്കണമെന്ന ആവശ്യം ഉയർന്നു വന്നിരുന്നു. വയനാട്ടിലെ കാർബൺ ന്യൂട്രൽ കോഫി പാർക്ക് അടുത്തകാലത്ത് തന്നെ പ്രവർത്തനം ആരംഭിക്കും. കുറ്റ്യാടിയിലും ഒരു നാളികേര പാർക്ക് വരുന്നുണ്ട്.

പ്ലാൻേഷൻ യോഗത്തിൽ വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ. പി. എം മുഹമ്മദ് ഹനീഷ് ഐ.എ.എസ്, പ്ലാന്റേഷൻ ഡയറക്ടറേറ്റ് സ്പെഷ്യൽ ഓഫീസറും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറുമായ ശ്രീ. എസ്.ഹരികിഷോർ ഐ.എ.എസ്, പ്ലാൻേഷൻ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ ഡോ. കെ എസ്. കൃപകുമാർ എന്നിവരും സംസാരിച്ചു.

## ഒരു സംരംഭകൻ പിറന്ന കഥ 03



പ്രധാനമന്ത്രിയുടെ സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി, മലപ്പുറം ജില്ലയിലെ വളാഞ്ചേരി ബ്ലോക്കിൽ കുറ്റിപ്പുറം പഞ്ചായത്തിൽ നടുവട്ടത്ത്, വ്യവസായ വകുപ്പിന്റെയും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കുറ്റിപ്പുറം ബ്രാഞ്ചിന്റെയും സഹകരണത്തോടെ വനിതാ സംരംഭക ശ്രീമതി രമ്യയുടെ നേതൃത്വത്തിൽ കെ. പി ഫുഡ് പ്രൊഡക്ട്സ് എന്ന സ്ഥാപനം "മലയാളീസ്" ബ്രാൻഡിൽ കലർപ്പില്ലാത്ത, ശുദ്ധവും സുരക്ഷിതവുമായ ഭക്ഷണകൂട്ടുകൾ ഉത്പാദിപ്പിക്കുവാൻ മാത്രമായി പ്രവർത്തനമാരംഭിച്ചു .

2023 ഒക്ടോബർ 25 ന് (ബുധനാഴ്ച) വാർഡ് മെമ്പർ ശ്രീമതി ചിത്രയുടെ സാന്നിധ്യത്തിൽ; പി എം എഫ് എം ഇ മലപ്പുറം ജില്ലാ റിസോഴ്സ് പേഴ്സൺ ശ്രീ അജേഷ് കെ. ആന്റണി ഉദ്ഘാടനം നിർവഹിച്ച ഈ സംരംഭത്തിന് കീഴിൽ ജില്ലയുടെ **ODOP**യായ നാളികേര ഉത്പന്നങ്ങൾ അധിഷ്ഠിതമായി വെളിച്ചെണ്ണയും ഒപ്പം, അരിപ്പൊടി, പുട്ടുപൊടി, മസാലപ്പൊടികൾ തുടങ്ങി വിവിധ ഭക്ഷണ കൂട്ടുകളും ആണ് **FSSAI** നിലവാരമനുസരിച്ചുള്ള കൃത്യമായ ഗുണമേന്മ നിഷ്കർഷങ്ങളോടെ മാർക്കറ്റിൽ എത്തിക്കുന്നത്.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കുറ്റിപ്പുറം ശാഖയിൽ നിന്നും 7,00,000 രൂപ വായ്പ ലഭ്യമാക്കി, പി.എം. എഫ്. എം.ഇ പദ്ധതിയുടെ കൈത്താങ്ങിലൂടെ ആരംഭിച്ച ഈ സ്ഥാപനത്തിൻറെ ബിസിനസ് വളർത്തുന്നതിൽ ശ്രീ അജിത്തും ശ്രീമതി രമ്യയോട് തോളോട് തോൾ ചേർന്ന് പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിലൂടെ 2 പേർക്ക് തൊഴിൽ നൽകുന്ന സ്ഥാപന ഉടമ കൂടിയാണ് ഇനി മുതൽ ശ്രീമതി രമ്യ.


സെമിനാറുകൾ | ഫുഡ് ഫെസ്റ്റിവലുകൾ | ട്രേഡ് ഫെയറുകൾ | ഫ്ളവർ ഷോ | എക്സിബിഷനുകൾ | കലാ പരിപാടികൾ

കേരളീയം Keraleeyam

കേരളീയം 2023
നവംബർ 1 മുതൽ 7 വരെ
തിരുവനന്തപുരത്ത്
keraleeyam.kerala.gov.in


Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.